**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **09-06-2021 - ല്‍ മറുപടിയ്ക്ക്**

**ജലസംരക്ഷണ പ്രവര്‍ത്തനങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എന്‍. ഉണ്ണികൃഷ്ണന്‍,<br>ശ്രീ എം രാജഗോപാലന്‍,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രന്‍ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഭാഗമായി കഴിഞ്ഞ സര്‍ക്കാര്‍ നടപ്പിലാക്കിയ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമായി തുടരുന്നതിന് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നീര്‍ച്ചാലുകളുടെ ശൃംഖല സംരക്ഷിച്ച് നിലനിര്‍ത്തുന്നതിനും ഭൂജല പരിപോഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ ഇടപെടലുകള്‍ നീര്‍ത്തടാടിസ്ഥാനത്തില്‍ വിഭാവനം ചെയ്ത് മുന്‍ഗണനാക്രമത്തില്‍ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാങ്കേതിക സമിതികള്‍ രൂപീകരിക്കുകയും നീര്‍ത്തട പ്ലാനുകള്‍ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തിയും ഫലപ്രദമായ റീചാര്‍ജ്ജിംഗ്, ഉപരിതല ജല സംരക്ഷണ പ്രവര്‍ത്തനങ്ങളിലൂടെയും ജല ലഭ്യത വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എറ്റവും കൂടുതല്‍ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങള്‍ പഠിച്ച് പരിഹാരം നിര്‍ദ്ദേശിക്കുന്നതിനായി ഹരിതകേരളം ടാസ്ക് ഫോഴ്സിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിക്കുകയും പാലക്കാട് ജില്ലയില്‍ ഭവാനി നദിയില്‍ -13, ഉതപ്പുഴയില്‍ -6, കാസര്‍ഗോഡ് ചന്ദ്രഗിരിപ്പുഴയില്‍ -9, പത്തനംതിട്ട ജില്ലയിലെ അച്ചന്‍കോവില്‍ നദിയില്‍ -6 ഉം ബന്ധാരകള്‍ നിര്‍മ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികള്‍ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജലമേഖലയിലെ പ്രധാന പ്രശ്നമായ ജല മലിനികരണം തടയുന്നതിനും ജല ശൃംഖലകളുടെ പുനഃസ്ഥാപനത്തിനുമായി ആരംഭിച്ച "ഇനി ഞാന്‍ ഒഴുകട്ടെ" മൂന്ന് ഘട്ടങ്ങള്‍ പൂര്‍ത്തികരിച്ചുകഴിഞ്ഞു. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി 3000 മി.മീ വാര്‍ഷിക ശരാശരി മഴ ലഭ്യതയുള്ള കേരളത്തില്‍ |

| | | | |
|---|---|---|---|
| | | | സമീപകാലത്തായി മഴയുടെ ലഭ്യതയിൽ സ്ഥലകാല വ്യതിയാനം വർദ്ധിച്ചു വന്നിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ജലവിഭവാസൂത്രണം പ്രാദേശിക വിഭവ ലഭ്യതയുടേയും വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപം നൽകി വിവിധ വകുപ്പുകളുടേയും/ഏജൻസികളുടേയും ഏകോപനത്തോടെ സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഭൂജല വകുപ്പിന്റെ പ്ലാൻ പദ്ധതിയായ "ഭൂജലസംരക്ഷണവും സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ ഹരിത കേരളം മിഷൻ പദ്ധതിയ്ക്കായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ജലത്തിന്റെ ആവശ്യകതയും ജലലഭ്യതയും അനുസരിച്ച് ജലവിഭവം ഫലപ്രദമായി വിനിയോഗിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഒരു പ്രദേശത്തെ ജലലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലത്തിന്റെ അളവും അതിന്റെ ഉപഭോഗവും കണക്കിലാക്കി തയ്യാറാക്കുന്ന ജല ബഡ്ജറ്റിംഗ് നടപ്പിലാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഭാഗമായി കോഴിക്കോട് CWRDM ന്റെ സാങ്കേതിക സഹായത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള വിദഗ്ധ സമിതി തയ്യാറാക്കിയ മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ ജല ബഡ്ജറ്റിംഗ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ചെറു പുഴകളിലും തോടുകളിലും മഴക്കാല നീരൊഴുക്കിനെ ഒരുവിധത്തിലും തടസ്സപ്പെടുത്താത്ത രീതിയിൽ നിർമ്മിക്കുന്ന ബന്ധാര മാതൃകയിലുള്ള ഭൂജല ലഭ്യത ഉറപ്പാക്കുന്ന റീചാർജ്ജിംഗ് സംവിധാനങ്ങൾ എന്നിവ നടപ്പാക്കുവാനും ലക്ഷ്യമിടുന്നു.<br>കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന തീരപ്രദേശങ്ങളിലെ ഓരുവെള്ള പ്രശ്നം, 2030 ആകുമ്പോൾ കുടിവെള്ളം, കൃഷി, വ്യവസായം പാരിസ്ഥിതിക സംതുലനം/ഉപ്പ് വെള്ളക്കയറ്റ പ്രതിരോധം എന്നിവയ്ക്കായി നിലവിലുള്ളതിനേക്കാൾ വലിയ തോതിൽ ജലം ആവശ്യമായി വരുമെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ "പേർസ്പെക്ടീവ് പ്ലാൻ 2030" ലെ അഭിപ്രായം പരിഗണിച്ച് പ്രാദേശിക ജലലഭ്യതയും ആവശ്യകതയും പഠനവിധേയമാക്കി ജലവിഭവ ആസൂത്രണവും വിനിയോഗവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ-റിഡ്ജ്-ടു-വാലി സമീപനം നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, |

| | | | |
|---|---|---|---|
| | | | റഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികൾ ആക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള സമീപനമാണ് കേരള ജലഅതോറിറ്റി കൈക്കൊള്ളുന്നത്. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ജലസ്രോതസുകൾ ആഴംകൂട്ടൽ, ഭൂജല വകുപ്പിന്റെ "ഭൂജല സംരക്ഷണവും സംപോഷണവും', ജലനിധി മുഖേന കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | ജലസുരക്ഷയും ജലസംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ? | (സി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഹരിത കേരളം മിഷന്റെ ഭാഗമായി സാങ്കേതിക സമിതികൾ രൂപികരിക്കുകയും അവയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയെ ബ്ലോക്കടിസ്ഥാനത്തിൽകൂടി യോജിപ്പിച്ച് 105 നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഹരിത കേരളം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും നേതൃത്വത്തിൽ നിർവഹണം നടന്നുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ